A

സമഗ്ര ശിക്ഷാ, കേരളം

812

**പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025-26**

# മലയാളം

സമയം : $1^1/_2$ മണിക്കൂർ

ക്ലാസ് : 8

## അടിസ്ഥാനപാഠാവലി

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **A അല്ലെങ്കിൽ B** എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

**1.** മഞ്ഞുപാളികൾ അതിന്റെ ചില്ലകളിൽനിന്ന് താഴെവീണു.
അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത്?

A. മഞ്ഞും പാളിയും
B. മഞ്ഞിന്റെ പാളി
C. മഞ്ഞുപോലുള്ള പാളി
D. മഞ്ഞോ പാളിയോ

**2.** ചുവടെ കൊടുത്ത പഴഞ്ചൊല്ലുകളിൽ 'കുരുവിയും കാട്ടുതീയും' എന്ന പാഠഭാഗത്തിലെ കുരുവിയുടെ പ്രവൃത്തിക്ക് യോജിച്ചത് ഏത് ?

i) അണ്ണാറക്കണ്ണനും തന്നാലായത്.
ii) ഐകമത്യം മഹാബലം.
iii) പയ്യെത്തിന്നാൽ പനയും തിന്നാം.

A. ഒന്നും മൂന്നും ശരി
B. രണ്ടും മൂന്നും ശരി
C. ഒന്നും രണ്ടും ശരി
D. ഒന്നു മാത്രം ശരി

**3.** "ഒരുപക്ഷേ മണ്ണിന്നടിയിൽ ഗൂഢമായ്
അവ തമ്മിൽ വേരാൽ തൊടുന്നുണ്ടാവുമോ?"
വരികളിലെ 'ഗൂഢമായ്' എന്ന പദത്തിന്റെ അർഥമെന്ത്?

A. സന്തോഷത്തോടെ
B. സ്നേഹത്തോടെ
C. രഹസ്യമായി
D. ശക്തമായി

4. 'കൊച്ചുദേവദാരുവിന് ബോധം നഷ്ടപ്പെട്ടത് അയാൾ ശ്രദ്ധിച്ചില്ല.'
കഥയിലെ കൊച്ചുദേവദാരുവിന്റെ സവിശേഷതകളോട് യോജിക്കുന്ന പ്രസ്താവന ഏത്?

A. പ്രതിസന്ധികളിൽ പതറാതെ നിൽക്കുന്നു.
B. സഹജീവികളോട് ക്രൂരമായി പെരുമാറുന്നു.
C. സ്വന്തം സൗന്ദര്യത്തിൽ അഹങ്കരിക്കുന്നു.
D. വ്യക്തികളെപ്പോലെ വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്നു. ✓

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം**
**(3 × 3 = 9)**

5. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റി എഴുതുക.
(കാട്ടിൽ തീ പടർന്നു. പക്ഷികളും മൃഗങ്ങളും ജീവനുവേണ്ടി പരക്കംപാഞ്ഞു. ഒത്തിരി മൃഗങ്ങൾ കാട്ടുതീയിൽ വെന്തുമരിച്ചു.)

6. "അപ്പോഴേക്കും മഴയും പൊട്ടിവീണു. മഴയത്തും കാറ്റത്തുമായി ഇല്ലവളപ്പിലെ മരങ്ങൾ തലങ്ങും വിലങ്ങും കടപുഴകി വീഴാൻ തുടങ്ങി. മരം വീഴുന്ന കൂറ്റൻ അലർച്ച ഇടവിട്ട് ഇടവിട്ട് കേൾക്കാം."
(പെരുമഴയത്ത്)
പ്രകൃതിദുരന്തത്തിന്റെ ഭീകരത എഴുത്തുകാരി അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

7. (A) "ഇന്നത്തെ ദിവസംകൂടി എങ്ങനെയെങ്കിലും കഴിഞ്ഞുകിട്ടിയാൽ മതി... എങ്കിൽ ഞാൻ രക്ഷപ്പെട്ടു." കൊച്ചുദേവദാരു ഇങ്ങനെ ചിന്തിക്കാൻ ഇടയായ സാഹചര്യം എന്ത്? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(B) "നീ എന്തു മടയത്തമാണീ കാണിക്കുന്നത്? ഇത്തിരിപ്പോന്ന നിനക്ക് ഈ കാട്ടുതീ കെടുത്താനാവുമോ?"
(കുരുവിയും കാട്ടുതീയും)
ഇത്തരം മനോഭാവം സമൂഹത്തെ എങ്ങനെയെല്ലാം ബാധിക്കും? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം**
**(4 × 5 = 20)**

8. കൊച്ചുദേവദാരു എന്ന കഥ നാടകരൂപത്തിൽ വേദിയിൽ അവതരിപ്പിക്കുന്നതിന് മുന്നോടിയായി നടത്താനുള്ള ആമുഖഭാഷണം തയ്യാറാക്കുക.

9. "മൂക്കുതല ദേശത്തിന്റെ മൂന്നുചുറ്റും കായലാണ്."

"വെള്ളപ്പൊക്കമാണ് ഇതെന്ന് അന്നൊന്നും മനസ്സിലായില്ല. മൂന്നുദിവസം കഴിഞ്ഞപ്പോഴാണ് മഴ ശമിച്ചത്. പിന്നെപ്പിന്നെ വെള്ളം താണുതുടങ്ങി."

(പെരുമഴയത്ത്)

തന്റെ പതിമൂന്നാമത്തെ വയസ്സിലെ ഒരു വെള്ളപ്പൊക്കത്തിന്റെ ഭയപ്പെടുത്തുന്ന ഓർമ്മകളാണ് ദേവകി നിലയങ്ങോട് അവതരിപ്പിക്കുന്നത്. പ്രസ്തുത സംഭവം ഒരു പത്രവാർത്തയുടെ രൂപത്തിൽ മാറ്റി എഴുതുക.

10. ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കുഞ്ഞുനാളിലെ ഓർമ്മയിൽ ഏറ്റവും മുന്തിനിൽക്കുന്നത് അന്നത്തെ മഴയാണ്. തെക്കൻ കാറ്റിൽ വീശിയടിച്ചുവരുന്ന പെരുമഴ ആകാശത്തുനിന്ന് കുടമെടുത്തു കമഴ്ത്തിയതുപോലെ. സ്വർഗ്ഗം പൊട്ടിയൊഴുകുന്ന വെള്ളച്ചാട്ടം പോലെയാണ് ചിലിയൻ മഴ. കേപ്പ്ഹോൺ മുതൽ പടിഞ്ഞാറെ അതിർത്തിവരെ ഒരേയൊരു പേമാരിതന്നെ. എന്റെ രാജ്യത്തിന്റെ ഈ അതിർത്തി പ്രദേശത്തെയാണല്ലോ 'കാട്ടുപടിഞ്ഞാറ് ' എന്ന് വിളിക്കുന്നത്. അവിടെയാണ് ഞാനാദ്യമായി കണ്ണുതുറന്ന് ജീവന്റെ പ്രതിഭാസത്തെ കാണുന്നത്. ഈ മണ്ണിലും പ്രകൃതിയിലും കവിതയിലുമൊക്കെ. ഞാൻ ഒത്തിരിയൊത്തിരി യാത്ര ചെയ്തു. അന്നൊക്കെ ആ മഴയിൽ പ്രകടമായിരുന്ന കലാപകലയൊന്നും പിന്നെ അത്ര ശക്തമല്ലാതെയായി. അല്ല, ഞാനെന്റെ നാട്ടിലെ പഴയ കഥ ഓർമ്മിച്ചു പറയുകയാണ്. ഇപ്പോൾ അതെല്ലാം നാമാവശേഷമായെന്നു പറയാം. എത്ര തകർത്തുപിടിച്ചാണ് മഴ അന്നൊക്കെ പെയ്തിരുന്നത്.

(നെരൂദയുടെ ഓർമ്മക്കുറിപ്പുകൾ)

i) അതെല്ലാം നാമാവശേഷമായി എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ടാണ്? (2സ്കോർ)

ii) ചിലിയൻ മഴക്ക് നൽകിയ വിശേഷണങ്ങൾ എന്തെല്ലാം? അവയുടെ ഔചിത്യം വ്യക്തമാക്കുക. (3സ്കോർ)

11. (A)
- "അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ, വിവേകികൾ."

  (കുമാരനാശാൻ)
- "ഈ കാട്ടുതീ ഒത്തിരി പക്ഷികളുടെയും മൃഗങ്ങളുടെയും ജീവനെടുക്കുന്നത് കാണുന്നില്ലേ? അങ്ങേക്ക് ശക്തമായ ഒരു മഴകൊണ്ട് ഈ കാട്ടുതീ അണയ്ക്കാം. ഞാൻ എനിക്കാവുന്നത് ചെയ്യുന്നു."

  (കുരുവിയും കാട്ടുതീയും)

കവിതയിലെയും കഥയിലെയും സന്ദർഭങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ -
ക്കിരയുമായിതാ തിടുക്കത്തിൽ പറ -
ന്നണയുന്നു, പെട്ടെന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?

(സുഗതകുമാരി)

ജീവജാലങ്ങളോട് ഉണ്ടാവേണ്ട കനിവും കരുതലും സംബന്ധിച്ച തിരിച്ചറിവുകളാണോ ഈ കവിതാഭാഗത്ത് തെളിയുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ കുറിക്കുക.

**താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 7 സ്കോർ** **(1 × 7 = 7)**

12. (A) • "നിന്നെ ഞാൻ തിരഞ്ഞെടുത്തത് നന്നായി എന്ന് പറഞ്ഞ് ആ മനുഷ്യൻ തൃപ്തിയോടെ ചിരിച്ചു."

• "പപ്പാ, ഈ കൊച്ചുദേവദാരുമരത്തെ മുറിക്കാതെ നമ്മൾ അതിനെ 'പുതുവർഷമര'മായി അലങ്കരിച്ചത് എത്ര നന്നായി."

(കൊച്ചുദേവദാരു)

കൊച്ചുദേവദാരു എന്ന പാഠഭാഗത്തിലെ ആശയം, നിങ്ങളുടെ നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) • വയനാട് ഉരുൾപൊട്ടൽ ദുരന്തം: നാടാകെ രക്ഷാപ്രവർത്തനത്തിന് കൈകോർത്തു.

(പത്രവാർത്തയിൽ നിന്ന്)

• 'ജീവൻ രക്ഷിക്കാനുള്ള വഴിയെക്കുറിച്ചുമാത്രമായി ചിന്ത. രാത്രി മുഴുവൻ അവര് മുകൾനിലയിൽ കഴിച്ചു. പിന്നീട് തോണിയുമായി വന്ന നാട്ടുകാർ അവരെ രക്ഷപ്പെടുത്തുകയായിരുന്നു.'

(പെരുമഴയത്ത്)

പത്രവാർത്തയും പാഠഭാഗവും വിശകലനം ചെയ്ത് 'പ്രതിസന്ധികളെ ഒരുമയോടെ അതിജീവിക്കാം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.